സെപ്റ്റംബർ മാസത്തിലാണ് ഇതിന്റെ ഇൻവെസ്റ്റിഗേഷനുള്ള അൻപത്തി മൂവായിരത്തിൽപ്പരം രൂപയുടെ അനുമതി നൽകിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റിഗേഷൻ നടന്നുവരികയാണ്. ഇൻവെസ്റ്റിഗേഷൻ കഴിഞ്ഞതിനുശേഷം ഡിസൈനും മറ്റും തയ്യാറാക്കി ബാക്കിയുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോകാനുള്ള കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

(2) വെള്ളാനിക്കര പബ്ലിക് ഹെൽത്ത് സെന്റർ താലൂക്കാശുപത്രിയായി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. രാഘവൻ പൊഴക്കടവിൽ : സർ, ഒല്ലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട വെള്ളാനിക്കരയിൽ സ്ഥിതി ചെയ്യുന്ന പി. എച്ച്. സെന്റർ ഒരു താലൂക്ക് ആശുപത്രിയായി ഉയർത്തണമെന്ന ആവശ്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. തൃശ്ശൂർ താലൂക്കിൽ ഒരു താലൂക്കാശുപത്രിയില്ല. തൃശ്ശൂർ പരിസരങ്ങളിൽ ജില്ലാ ആശുപത്രിയും മെഡിക്കൽ കോളേജ് ആശുപത്രിയും കൂടാതെ ധാരാളം സ്വകാര്യ ആശുപത്രികളും തുരുതുരെ വന്നതിനാൽ തൃശ്ശൂർ പരിസര പ്രദേശങ്ങളിൽ ഒരു താലൂക്കാശുപത്രിയുടെ പ്രാധാന്യവും ഇല്ലാതായി. എന്നാൽ തൃശ്ശൂരിൽ നിന്ന് കിഴക്കോട്ട് നാഷണൽ ഹൈവേയുടെ ഭാഗത്ത് വെള്ളാനിക്കരയിലുള്ള പി. എച്ച്. സെന്റർ ഒരു താലൂക്കാശുപത്രിയുടെ ഗ്രേഡിലേക്ക് ഉയർത്തേണ്ട പ്രാധാന്യം വർദ്ധിച്ചു വരികയാണ്. മലയോര പ്രദേശങ്ങളിൽ തിങ്ങി പാർക്കുന്ന ലക്ഷക്കണക്കിന് വരുന്ന പാവപ്പെട്ട മലയോര കൃഷിക്കാരുടെ ആരോഗ്യ സംരക്ഷണത്തിന് യാതൊരു വഴിയുമില്ലാതെ കഴിഞ്ഞു കൂടുന്നവരാണ് ഭൂരിഭാഗവും. ഒരു പ്രൈവറ്റ് ആശുപത്രി പോലും ആ പ്രദേശങ്ങളിലില്ല. ഇപ്പോഴുള്ള പി. എച്ച്. സെന്റർ സ്ഥിതി ചെയ്യുന്നത് തൃശ്ശൂർ താലൂക്കിന്റെ കിഴക്കൻ മലയോരപ്രദേശങ്ങളുടെ മദ്ധ്യത്തിലാണ്. തൃക്കൂർ പഞ്ചായത്ത്, പുത്തൂർ പഞ്ചായത്ത്, പാണഞ്ചേരി പഞ്ചായത്ത്, നടത്തറ പഞ്ചായത്ത്, മാടത്തറ പഞ്ചായത്ത്, ഒല്ലൂക്കര പഞ്ചായത്ത് തുടങ്ങിയ പഞ്ചായത്തു പ്രദേശങ്ങളുടെ വ്യാപകാതിർത്തിയിൽപ്പെടുന്നതും പീച്ചി മലയുടെ കിഴക്കു ഭാഗത്തുള്ള ഗിരിവർഗ്ഗ പ്രദേശങ്ങളായ ഒളകര, പാത്രകണ്ടം, കൈതക്കൽ ഒറവ്, ആനവാരി, വെള്ളക്കാരിത്തടം, താമരവെള്ളച്ചാൽ, മരോട്ടിച്ചാൽ, പൂവ്വൻചിറ തുടങ്ങിയ പ്രദേശങ്ങളും ഉൾക്കൊള്ളുന്നതും പാലക്കാട് ജില്ലയുടെ അതിർത്തിയായ വാണിയംപാറ മുതൽ 35 ചതുരശ്ര കിലോ മീറ്റർ ദൂരം വരുന്ന പ്രദേശങ്ങളും വെള്ളാനിക്കര പി. എച്ച്. സെന്ററിന്റെ കീഴിലാണ്.

സ്റ്റാഫ് പാറ്റേൺ

ഡോക്ടർമാർ ഡന്റൽ, ലെപ്രസിയുൾപ്പെടെ	.. 5
നേഴ്സ്	.. 1
സ്റ്റാഫ് നേഴ്സ്	.. 1
പബ്ലിക് ഹെൽത്ത് നേഴ്സുമാർ	.. 17
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	.. 16
ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ്	.. 16
ഹെൽത്ത് ഇൻസ്പെക്ടർമാർ	.. 5
ലേഡി ഹെൽത്ത് ഇൻസ്പെക്ടർ	.. 4
ക്ലാർക്ക്	.. 3

LIBRARY ARCHIVES Kerala Legislative Assembly

ഫാർമസിസ്റ്റ്	.. 1
ലാബ് ടെക്നിഷൻ	.. 1
ലെപ്രസി ഹെൽത്ത് വിസിറ്റർ	.. 5
നോൺ മെഡിക്കൽ സൂപ്പർവൈസർ ലെപ്രസി	.. 1
നേഴ്സിംഗ് അസിസ്റ്റൻറ്	.. 2
നേഴ്സിംഗ് അസിസ്റ്റൻറ് ഗ്രേഡ് II	.. 1
പാർട്ട്ടൈം	.. 1
ഡൻറൽ ഹൈജീനിസ്റ്റ്	.. 1
ഓപ്താൽമിക് അസിസ്റ്റൻറ്	.. 1
ഡ്രൈവർ	.. 1

61 എണ്ണം സ്റ്റാഫ് പാറ്റേണിൽപ്പെടുന്നുണ്ട്. കാർഷിക സർവ്വകലാശാലയുടെ ഹെഡ്ക്വാർട്ടേഴ്സിനോട് തൊട്ടുകിടക്കുന്നതും കെ.ഇ.ആർ.ഐ., കെ.എഫ്.ആർ.ഐ. തുടങ്ങിയ സ്ഥാപനങ്ങളും പീച്ചി. ടൂറിസ്റ്റ് കേന്ദ്രവും അവിടത്തെ ജീവനക്കാർക്കും തൊഴിലാളികൾക്കും വിദ്യാർത്ഥികൾക്കും ഏക ചികിൽസാ കേന്ദ്രം വെള്ളാനിക്കരയിലുള്ള പി.എച്ച്. സെൻറാണ്. വാണിയംപാറയിൽനിന്നും ഗിരിജൻ പ്രദേശങ്ങളിൽനിന്നും വരുന്ന രോഗികൾക്ക് ഈ പി.എച്ച്. സെൻറിൻെറ പരിമിതമായ സൗകര്യം ഉപയോഗിക്കുകയല്ലാതെ മറ്റു മാർഗ്ഗങ്ങളൊന്നുമില്ല.

ശ്രീ. തട്ടിൽ കൊച്ചുവറീയദ് സംഭാവന ചെയ്ത ഒരു ഏക്കർ സ്ഥലത്താണ് ഇപ്പോൾ പി. എച്ച്. സെൻറർ പ്രവർത്തിക്കുന്നത്. എന്നാൽ താലൂക്ക് ഗ്രേഡിലേക്ക് ഈ പി. എച്ച്. സി. ഉയർത്തുന്നതിന് ഒരു ഏക്കർ സ്ഥലം കാർഷിക സർവ്വകലാശാല നൽകാമെന്നും സമ്മതിച്ചിട്ടുണ്ട്. നിലവിലുള്ള സ്റ്റാഫ് പാറ്റേണും പുതിയതായി ലഭിക്കുന്ന സൗകര്യങ്ങളും ഈ സെൻറിൻെറ വളർച്ചയ്ക്ക് കാത്തിരിക്കുന്നു എന്നതാണ് വാസ്തവം.

എല്ലാംകൊണ്ടും അനുഗൃഹീതമായ കാലഘട്ടം, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ രാഷ്ട്രീയ ജീവിതം ആരംഭിച്ച പ്രദേശം, വെള്ളാനിക്കരയുടെ ചരിത്ര പശ്ചാത്തലം ഞാൻ വിവരിക്കുന്നില്ല. അങ്ങ് ഇന്ന് ആരോഗ്യ വകുപ്പുമന്ത്രി കൂടിയാണ്. വെള്ളാനിക്കരയിലേയും പരിസരപ്രദേശങ്ങളിലേയും തൊഴിലാളികൾക്കും മലയോര കൃഷിക്കാർക്കും വിദ്യാർത്ഥികൾക്കും ആയിരക്കണക്കിന് വരുന്ന ആദിവാസികൾക്കും ആരോഗ്യ സംരക്ഷണത്തിനുവേണ്ടി നിലവിലുള്ള വെള്ളാനിക്കര പി. എച്ച്. സി. ഒരു താലൂക്കാശുപത്രിയുടെ ഗ്രേഡിലേക്ക് ഉയർത്താൻ അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, സാധാരണ ജില്ലാശുപത്രിയുള്ള സ്ഥലത്തു താലൂക്കാശുപത്രി സ്ഥാപിക്കുന്ന പതിവില്ല. വെള്ളാനിക്കരത്തുശ്ശൂരിൽ നിന്ന് ആറു നാഴികയേയുള്ളൂ. എങ്കിൽപോലും, അവിടെ ഒരു പ്രൈമറി ഹെൽത്ത് സെൻറുമുണ്ട്. അത് 12 ബെഡ്ഡുകളുള്ള ഒരു കൊച്ചു ആശുപത്രിയാണ്. ഇപ്പോൾ പഴയ വെള്ളാനിക്കരയല്ല. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയും മറ്റു സ്ഥാപനങ്ങളും വന്നു വളരെ വികസിച്ചിട്ടുണ്ട്. കൊച്ചുനഗരത്തിൻെറ നിലയിലേക്ക് വെള്ളാനിക്കര പ്രദേശം വളർന്നു സാഹചര്യത്തിൽ താലൂക്കാശുപത്രിയായിട്ടില്ലെങ്കിലും താലൂക്കാശുപത്രിയുടെ സ്റ്റാൻഡേർഡിൽ ഒരു ആശുപത്രി തുടങ്ങണമെന്നുള്ള ആഗ്രഹം ഗവൺമെൻറിനുണ്ട്. അതനുസരിച്ചുള്ള നിർദ്ദേശം കിട്ടിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഇപ്പോൾ അവിടെയുള്ള പ്രൈമറി ഹെൽത്ത്

LIBRARY ARCHIVES Kerala Legislative Assembly

സെൻറർ കേവലം 13 സെൻറിലാണ് സ്ഥിതി ചെയ്യുന്നത്. ഒരേക്കറെങ്കിലും സ്ഥലം ആവശ്യമാണ്. യൂണിവേഴ്സിറ്റിയോട് ചോദിച്ചിട്ടുണ്ട്. ഇപ്പോൾ ഡിസ്പെൻസറിയിരിക്കുന്ന സ്ഥലത്ത് യൂണിവേഴ്സിറ്റി ഒരേക്കർ സ്ഥലം നൽകാൻ തയ്യാറായിട്ടില്ല. സ്ഥലം കിട്ടിക്കഴിഞ്ഞാൽ ഉടൻ തന്നെ ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം. ബഹുമാനപ്പെട്ട മെമ്പർ സിൻഡിക്കേറ്റിലുള്ള ഒരാളാണ്. അദ്ദേഹം കൂടെ ഉൽസാഹിച്ച് യൂണിവേഴ്സിറ്റിയെക്കൊണ്ട് ഒരേക്കർ സ്ഥലം അവിടത്തന്നെ വിടുവിച്ച് തരികയാണെങ്കിൽ അതിനാവശ്യമായ നടപടികളും ഗവൺമെൻറ് സ്വീകരിക്കും.

ശ്രീ. രാഘവൻ പൊഴക്കടവിൽ : യൂണിവേഴ്സിറ്റി ഒരേക്കർ സ്ഥലം തരാമെന്നു സമ്മതിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ) : ആ സ്ഥലം തരാമെന്നു സമ്മതിച്ചിട്ടില്ല. വേറെ എവിടെയെങ്കിലും തരാമെന്നാണ് പറഞ്ഞത്.

III സബ്മിഷൻ

(1) [ശ്രീ. ഇ. പത്മനാഭൻറെ—കോട്ടയ്ക്കൽ ആയുർവേദ കോളേജിൻറെ നാശോൻമുഖമായ നില

ശ്രീ. ഇ. പത്മനാഭൻ : സർ, കോട്ടയ്ക്കൽ ആയുർവേദ കോളേജിൽ ഈ കൊല്ലം പുതിയതായി വിദ്യാർത്ഥികളെ അഡ്മിറ്റ് ചെയ്തിട്ടില്ല. ഇവിടെ എൻട്രൻസ് എക്സാമിനേഷൻ പാസ്സായിട്ടുള്ള കുട്ടികൾക്ക് ആ കോളേജിൽ അഡ്മിഷൻ ലഭിക്കാനുള്ള അവസരം ഇപ്പോൾ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. സെൻട്രൽ കൗൺസിൽ ഓഫ് ഇൻഡ്യൻ മെഡിസിൻസ് നിർദ്ദേശിക്കുന്ന പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്, മാനേജ്മെൻറ് പരാജയപ്പെട്ടതിൻറെ പേരിലാണ് ഇങ്ങനെ കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ ഒരു നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത്. പുതിയ അഡ്മിഷൻ ഇല്ലെന്നു മാത്രമല്ല ഇപ്പോൾ അവിടെ പഠിക്കുന്ന വിദ്യാർത്ഥികൾക്കുപോലും, സർട്ടിഫിക്കറ്റ് കിട്ടുമോ, അവരുടെ യോഗ്യത അംഗീകരിക്കപ്പെടുമോ എന്നുള്ള കാര്യങ്ങൾ തന്നെ സംശയമായിരിക്കുകയാണ്. അവിടെ ഒരു ആയുർവേദ കോളേജ് എന്നുള്ള നിലയിൽ ഒരു ആശുപത്രിയില്ല. കഴിഞ്ഞ 10 വർഷമായിട്ട് മുഖ്യമന്ത്രിയോ അല്ലെങ്കിൽ ഹെൽത്ത് മിനിസ്റ്ററോ ചെയർമാനായിട്ടുള്ള ഓറിസർച്ച് സൊസൈറ്റിയുടെ പേരിലാണ് ഇത് നടത്തിക്കൊണ്ടു വരുന്നത്. യാതൊരു വിധത്തിലും കോളേജിനു വേണ്ടിയുള്ള ഏർപ്പാടുകൾ ചെയ്യാത്തതിൻറെ ഫലമായി, പ്രാഥമിക സൗകര്യങ്ങൾ ഇല്ലാത്തതിൻറെ പേരിലാണ് ഇങ്ങനെ ഒരു നിരോധനം വന്നിരിക്കുന്നത്. ഓരോ മെഡിക്കൽ കോളേജിലും പ്രിൻസിപ്പൽമാരാണ് ഇതിൻറെ മേധാവികളായി വർക്കു ചെയ്യുന്നത്. ഈ സ്ഥാപനത്തിലാണെങ്കിൽ ഒരു എക്സിക്യൂട്ടീവ് ഡയറക്ടർ അദ്ദേഹത്തിന് 28 സ്റ്റാഫും. പിന്നെ താമസിക്കാൻ ഒരു വീടും ഒരു കാറും. കൊടുത്തിട്ടാണ് നിൽക്കുന്നത്. എക്സിക്യൂട്ടീവ് ഡയറക്ടർക്കും അവിടെ എസ്റ്റാബ്ലിഷ്മെൻറിനുമായി 10 വർഷം ചെലവാക്കിയിട്ടുള്ള പണമുപയോഗിച്ചാൽ ആ കോളേജിനെ സംപൂർണ്ണമായ ഒരു സ്ഥാപനമാക്കി മാറ്റാമായിരുന്നു. അതിനുള്ള അദ്ധ്യാപകൻമാരില്ല അവിടെ. അത്ര വലിയ എക്സിക്യൂട്ടീവ് ഡയറക്ടർ പ്രവർത്തിക്കേണ്ട യാതൊരാവശ്യവുമില്ല. വിദ്യാർത്ഥികളുടെ എണ്ണം വളരെ കുറവാണ്, അതുപോലെ തന്നെ കോളേജ് സ്റ്റാഫിൻറെയും

LIBRARY ARCHIVES Kerala Legislative Assembly